# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങൾക്ക് റേറ്റിംഗ് ഘടന</u>

589 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' റ്റി. എൻ. പ്രതാപൻ
'' വി. ഡി. സതീശൻ
'' പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് വിലയിരുത്താൻ റേറ്റിംഗ് ഘടന നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്ന് വിശദീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

**പൊതുമേഖലാ സ്ഥാപനങ്ങളില്‍ പ്രത്യേക വിജിലന്‍സ് സെല്‍**

590

ശ്രീ. പി. സി. വിഷ്ണുനാഥ്
,, വി. പി. സജീന്ദ്രന്‍
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളില്‍ പ്രത്യേക വിജിലന്‍സ് സെല്‍ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്;

(സി) അഴിമതികള്‍ തടയുന്നതിന് ഇതിന്റെ പ്രവര്‍ത്തനം എത്രമാത്രം പ്രയോജനകരമാകും എന്ന് വിശദമാക്കുമോ;

(ഡി) സെല്ലിന്റെ പ്രവര്‍ത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും എന്തെല്ലാം സംവിധാനമാണ് ഭരണതലത്തില്‍ എടുക്കാനുദ്ദേശിക്കുന്നത് എന്നും വിശദാംശങ്ങള്‍ എന്തെല്ലാമെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 11.06.2013–ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണം</u>

591 ശ്രീ. തോമസ് ഉണ്ണിയാടൻ
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും നവീകരിക്കുന്നതിനും ലാഭകരമാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനുള്ള കർമ്മ പദ്ധതി

592 ശ്രീ. കെ. ശിവദാസൻ നായർ
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനുള്ള കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്: വിശദാംശങ്ങൾ അറിയുക്കുമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും ഉൽപ്പാദനത്തിനനുസരിച്ച് തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്നും വിശദാംശങ്ങൾ എന്തെല്ലാമെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗ്</u>

593 ശ്രീ. ലൂഡി ലൂയിസ്
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗ് സമയബന്ധിതമായി നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ് ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 11.06.2013–ലെ മറുപടിക്ക്

വിപണി വിപുലീകരണം

594 ശ്രീ. ജോസഫ് വാഴക്കൻ
,, വർക്കല കഹാർ
,, കെ. മുരളീധരൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതു മേഖലാ സ്ഥാപനങ്ങൾ കേന്ദ്ര പൊതു മേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് വിപണി വിപുലീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്;

(ഡി) ഇതിനായി ഏന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദീകരിക്കുമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ്

595 ശ്രീ. ജോസഫ് വാഴക്കൻ
'' ഹൈബി ഈഡൻ
'' ആർ. സെൽവരാജ്
'' എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ് നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ് എന്നും വിശദാംശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്നും വിശദാംശങ്ങൾ എന്തെല്ലാമെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>എമർജിംഗ് കേരളയിലെ പദ്ധതികളിലെ തുടർ നടപടികൾ</u>

596 ശ്രീ. എം. എ. വാഹിദ്
" കെ. ശിവദാസൻ നായർ
" കെ. മുരളീധരൻ
" തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരളയിൽ അവതരിപ്പിച്ച പദ്ധതികളിൽ എന്തെല്ലാം തുടർ നടപടികൾ എടുത്തിട്ടുണ്ട്;

(ബി) എത്ര പദ്ധതികൾക്ക് അന്തിമ രൂപ രേഖ തയ്യാറാക്കിയിട്ടുണ്ട്;

(സി) ഏതെല്ലാം മേഖലയിലെ പദ്ധതികൾ നടപ്പാക്കാനാണ് തീരുമാനമെടുത്തിട്ടുള്ളത് ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013–ലെ മറുപടിക്ക്

<u>സീപോർട്ട് – എയർപോർട്ട് ഏര്യാ ഡെവലപ്പ്മെന്റ് അതോറിറ്റി</u>

597 ശ്രീ.എളമരം കരീം
,,ജെയിംസ് മാത്യു
,,പുരുഷൻ കടലുണ്ടി
,,ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രധാന വ്യവസായ കേന്ദ്രങ്ങളെ ഉൾപ്പെടുത്തി, തുറമുഖങ്ങളെയും വിമാനത്താവളങ്ങളേയും ബന്ധിപ്പിച്ചു കൊണ്ട് സീപോർട്ട്–എയർപോർട്ട് ഏര്യാ ഡെവലപ്പ്മെന്റ് അതോറിറ്റി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഏതെല്ലാം വികസന കേന്ദ്രങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;

(സി) ഇത്തരം ഡെവലപ്പ്മെന്റ് അതോറിറ്റിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ഡി) അതോറിറ്റിയുടെ രൂപീകരണം എന്ന് പ്രാവർത്തികമാകുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ</u>

598 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനു കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെ എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ രണ്ട് വർഷമായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെന്നും അവയുടെ ഓരോന്നിന്റെയും നഷ്ടം എത്രയെന്നും വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഓരോ സ്ഥാപനത്തിന്റെയും ചെയർമാൻ, എം.ഡി. എന്നിവർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഇ) ചെയർമാൻ, എം.ഡി. എന്നിവർക്കുവേണ്ടി ഓരോ സ്ഥാപനവും ഏർപ്പെടുത്തിയ സൗകര്യങ്ങളും ഓരോ ഇനത്തിലും ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.06.2013–ലെ മറുപടിക്ക്

<u>ഇ–പ്രൊക്യൂർമെന്റ് സംവിധാനം</u>

599 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലാണ് ഇ–പ്രൊക്യൂർമെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദീകരിക്കുമോ;

(ബി) സംസ്ഥാനത്തെ നഷ്ടത്തിലുള്ള വ്യവസായ സ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് നിലവിൽ എത്ര പൊതു മേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) 01.03.2011–ലെ കണക്ക് പ്രകാരം എത്ര പൊതുമേഖലാ വ്യവസായസ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചിരുന്നു എന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ഇ) 30.04.2013–ലെ കണക്ക് പ്രകാരം എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നു; അവ ഏതെല്ലാം എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 11.06.2013–ലെ മറുപടിക്ക്

ലാഭമുണ്ടാക്കിയ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ

600 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ സാമ്പത്തികവർഷം ലാഭമുണ്ടാക്കിയ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും അവ ഓരോന്നും എത്ര ലാഭമുണ്ടാക്കിയെന്നും അറിയിക്കാമോ;

(ബി) ശമ്പള പരിഷ്കരണ കരാർ കാലാവധി കഴിഞ്ഞ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ലാഭമുണ്ടാക്കുന്നുവെങ്കിൽ അവിടെ ശമ്പള പരിഷ്കരണം നടത്താമെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(സി) ലാഭമുണ്ടാക്കുന്ന ഏതെല്ലാം സ്ഥാപനങ്ങളിൽ ശമ്പളപരിഷ്കരണ കാലാവധി കഴിഞ്ഞു എന്നറിയിക്കാമോ;

(ഡി) അവിടങ്ങളിൽ ശമ്പള പരിഷ്കരണത്തിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖല</u>
<u>വ്യവസായ സ്ഥാപനങ്ങൾ</u>

601 ശ്രീ. കെ.കെ.നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായവകുപ്പിന്റെ കീഴിലുള്ള എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇത് ഏതെല്ലാമാണെന്നും എത്ര വീതമാണ് ഇവയുടെ ലാഭമെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

# കേരള നിയമസഭ
# 11.06.2013-ലെ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കുന്നതിനുള്ള നടപടി

602

ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ വ്യവസായങ്ങൾ ലാഭകരമാക്കി തീർക്കുവാൻ ഈ സർക്കാർ സ്വീകരിച്ച പ്രത്യേക നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങളിൽ ഏതൊക്കെ സ്ഥാപനങ്ങൾ ഇപ്പോൾ ലാഭകരമായി നടക്കുന്നുണ്ട്;

(സി) സ്ഥാപനങ്ങൾ ലാഭകരമാക്കി മാറ്റാൻ നടത്തുന്ന പരിശ്രമങ്ങൾക്ക് ജീവനക്കാർക്ക് പ്രത്യേക ഇൻസെന്റീവ് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതുവരെ ഏതെങ്കിലും സ്ഥാപനങ്ങളിൽ ഇൻസെന്റീവ് നൽകിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ 2012-13 ലെ ലാഭം

603 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് 2012-13 സാമ്പത്തികവർഷത്തിൽ ലാഭത്തിൽ പ്രവർത്തിച്ചത്;

(ബി) മുൻവർഷങ്ങളിലെക്കാൾ ലാഭത്തിൽ എത്ര ശതമാനമാണ് വർദ്ധനവ് ഉണ്ടായിട്ടുള്ളത്?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവര്‍ത്തനം</u>

604 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ സര്‍ക്കാരിന്റെ കാലത്ത് വ്യവസായ മേഖലയില്‍ എത്ര പൊതുമേഖലാ സ്ഥാപനങ്ങള്‍ ലാഭകരമായി പ്രവര്‍ത്തിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളില്‍ ഇപ്പോള്‍ നഷ്ടത്തില്‍ പ്രവര്‍ത്തിക്കുന്നവ ഏതൊക്കെയെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
# 11.06.2013-ലെ മറുപടിക്ക്

## നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദവിവരം

605 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷത്തിൽ നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദവിവരവും ഓരോ സ്ഥാപനത്തിന്റെയും നഷ്ടം എത്രയെന്നുള്ള വിവരവും നൽകുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ എന്തുകൊണ്ട് നഷ്ടത്തിലായി എന്നുള്ളതിന്റെ വിശദവിവരം നൽകുമോ;

(സി) ഇപ്രകാരം നഷ്ടത്തിലായവയെ പുനരുദ്ധരിക്കുവാൻ സ്വീകരിച്ച നടപടികളുടെ വിശദവിവരം നൽകുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിക്കാൻ സ്വീകരിച്ച നടപടികളുടെ വിശദവിവരം നൽകുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിനുള്ള പദ്ധതികള്‍</u>

606 ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നഷ്ടത്തില്‍ പ്രവര്‍ത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സ്ഥാപനങ്ങള്‍ ലാഭ-നഷ്ടത്തില്‍ പ്രവര്‍ത്തിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ലാഭത്തില്‍ പ്രവര്‍ത്തിക്കുന്ന സ്ഥാപനങ്ങളുടെ ഉല്പാദനത്തിന് ആനുപാതികമായി തൊഴിലാളികള്‍ക്ക് പ്രത്യേക ഉല്പാദന ആനുകൂല്യം നല്‍കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.06.2013–ലെ മറുപടിക്ക്

**കേന്ദ്ര സഹകരണത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന വ്യവസായ പദ്ധതികള്‍**

607

ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്ര സഹകരണത്തോടെ സംസ്ഥാനത്ത് നടപ്പാക്കിവരുന്ന വ്യവസായ പദ്ധതികളുടെ വിശദാംശങ്ങള്‍ നല്‍കുമോ;

(ബി) കേന്ദ്ര സര്‍ക്കാരിന്റെ ധനസഹായത്തോടെ സംസ്ഥാനത്ത് പുതിയ ഏതെങ്കിലും വ്യവസായ സംരംഭങ്ങള്‍ ആരംഭിക്കുവാന്‍ പദ്ധതി പരിഗണനയിലുണ്ടോ; എങ്കില്‍, വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 11.06.2013–ലെ മറുപടിക്ക്

വ്യവസായ സംരംഭങ്ങളിലെ സ്വകാര്യ നിക്ഷേപങ്ങൾ

608

ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സ്വകാര്യ നിക്ഷേപകർ കേരളത്തിൽ മുതൽ മുടക്കാൻ തയ്യാറായി വന്നിട്ടുണ്ട്;

(ബി) അവ ഏതെല്ലാം മേഖലകളിലാണെന്നും നിക്ഷേപ തുക എത്രയെന്നും വ്യക്തമാക്കുമോ;

(സി) സ്വകാര്യ നിക്ഷേപം ഇന്ത്യൻ വ്യവസായികളിൽ നിന്നും വിദേശ നിക്ഷേപകരിൽ നിന്നും സ്വീകരിക്കാൻ സംസ്ഥാനം ഒരുക്കമുണ്ടോ; അതിനായി എന്തു നടപടികൾ ഇതുവരെ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) സർക്കാർ പ്രോത്സാഹനം വഴി ഇതിനകം ലഭ്യമായ നിക്ഷേപം എത്രയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013–ലെ മറുപടിക്ക്

<u>പുതിയ ചെറുകിട – വൻകിട വ്യവസായങ്ങൾ</u>

609 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ചെറുകിട, വൻകിട വ്യവസായസംരംഭങ്ങൾ എത്രയാണെന്നും ഇവയ്ക്ക്വേണ്ടി നൽകിയിട്ടുള്ള ഭൂമിയുടെ അളവും മൂല്യവും എത്രയെന്നും വ്യക്തമാക്കുമോ; ഈ സംരംഭങ്ങൾക്കായി ഭൂമി അല്ലാതെ എത്ര തുക മുതൽമുടക്കിയിട്ടുണ്ടെന്നും ഈ സംരംഭങ്ങൾ വഴി എത്ര പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെട്ടുവെന്നും വ്യക്തമാക്കുമോ;

(ബി) പുതിയ വ്യവസായസംരംഭങ്ങൾ ആരംഭിച്ചതിന്റെ ജില്ല തിരിച്ചുള്ള എണ്ണം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 11.06.2013–ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം</u>

610 ശ്രീ.കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളിൽ നാളിതുവരെയായി എത്ര പേർക്ക് പുതുതായി നിയമനം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഓരോ പൊതുമേഖലാ സ്ഥാപനത്തിലും ഏതൊക്കെ തസ്തികകളിൽ ആർക്കൊക്കെയാണ് പുതുതായി നിയമനം നൽകിയതെന്ന് വിശദമാക്കാമോ;

(സി) നിയമനം നൽകിയതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 11.06.2013–ലെ മറുപടിക്ക്

തിരുവനന്തപുരം - മംഗലാപുരം അതിവേഗ റയിൽവേ ലൈൻ നിർമ്മാണം

611 ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുതൽ മംഗലാപുരം വരെയുള്ള അതിവേഗ റയിൽവേ ലൈൻ നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ;

(ബി) പദ്ധതിയുടെ മതിപ്പ് ചെലവ് എത്ര കോടി രൂപയാണ്; ഇതിനായി ഭൂമി ഏറ്റെടുക്കുന്നതിനും റയിൽവേ നിർമ്മാണത്തിനും വേണ്ടി വരുന്ന തുകകൾ വിശദമാക്കാമോ;

(സി) പദ്ധതി ചെലവ് എന്തെല്ലാം നിലയിൽ കണ്ടെത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; പദ്ധതി പൊതുമേഖലയിലാണോ സ്വകാര്യ പങ്കാളിത്തത്തിലാണോ നടപ്പാക്കാനുദ്ദേശിക്കുന്നത്; മതിപ്പ് ചെലവിന്റെ എത്ര ശതമാനം തുക സംസ്ഥാനം കണ്ടെത്തേണ്ടതായിട്ടുണ്ട്; അത് ഏതെല്ലാം വർഷത്തിൽ സംസ്ഥാനം നൽകേണ്ടതായി വരും; ആദ്യ വർഷം പദ്ധതിക്ക് എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നു; അതിന്റെ എത്ര ശതമാനം തുക ബഡ്ജറ്റിൽ വകയിരുത്തപ്പെട്ടിട്ടുണ്ട്?

# കേരള നിയമസഭ
## 11.06.2013–ലെ മറുപടിക്ക്

<u>അതിവേഗ റെയിൽപ്പാത പദ്ധതി</u>

612 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിലൂടെയുള്ള അതിവേഗ റെയിൽപ്പാത പദ്ധതിയിൽ നിന്നും സംസ്ഥാനം പിൻമാറിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായിട്ടുള്ള സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പദ്ധതിക്കായി എത്ര സ്ഥലം ഏറ്റെടുക്കേണ്ടിവരുമെന്നും, എത്രപേരെ പുനരധിവസിപ്പിക്കേണ്ടി വരുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013–ലെ മറുപടിക്ക്

<u>അതിവേഗ റെയിൽപാത സംബന്ധിച്ച ഡി.എം.ആർ.സി.യുടെ റിപ്പോർട്ട്</u>

613 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള അതിവേഗ റെയിൽ പാതയ്ക്കുവേണ്ടി ഡി.എം.ആർ.സി. നടത്തിയ സാധ്യതാ പഠന റിപ്പോർട്ട് പരിശോധിക്കുകയുണ്ടായോ; എങ്കിൽ അത് അംഗീകരിച്ചിട്ടുണ്ടോ; തീരുമാനം വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഡി.എം.ആർ.സി. തയ്യാറാക്കി കഴിഞ്ഞിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(സി) ഡി.എം.ആർ.സി. സർക്കാരിന് സമർപ്പിച്ച സാധ്യതാ പഠന റിപ്പോർട്ടിന്റെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>നിക്ഷേപ സംഗമങ്ങൾ</u>

614 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ വ്യവസായിക മേഖലയിൽ നിക്ഷേപം വർദ്ധിപ്പിക്കാൻ എത്ര നിക്ഷേപക സംഗമങ്ങൾ എവിടെയെല്ലാം വച്ച് നടത്തിയെന്ന് വിശദമാക്കാമോ;

(ബി) ഈ നിക്ഷേപക സംഗമത്തിലൂടെ നാളിതുവരെ ഏതൊക്കെ പദ്ധതികൾക്കായി എത്ര രൂപയുടെ നിക്ഷേപത്തിന് ഏതെല്ലാം വ്യക്തികളും, കമ്പനികളും, ഏജൻസികളും മുന്നോട്ടുവന്നിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് സംഘടിപ്പിച്ച നിക്ഷേപകസംഗമങ്ങളിൽ നിക്ഷേപകർക്ക് എന്തെല്ലാം ഭൗതിക സാഹചര്യമാണ് ഉറപ്പുവരുത്തുമെന്ന് പ്രഖ്യാപിച്ചതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 11.06.2013–ലെ മറുപടിക്ക്

<u>എറണാകുളം– മംഗലാപുരം ഗ്യാസ് പൈപ്പ്ലൈൻ</u>

615 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട എറണാകുളം– മംഗലാപുരം ഗ്യാസ് പൈപ്പ്ലൈൻ പദ്ധതി ജനവാസകേന്ദ്രങ്ങളിൽ നിന്നും മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭൂമി വിട്ട് നൽകുന്നവർക്ക് അർഹമായ നഷ്ടപരിഹാരം ഉറപ്പ് വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) നഷ്ടപ്പെടുന്ന ഭൂമിയുടെ വിപണി വിലയ്ക്ക് തുല്യമായ ജി.എ.ഐ.എൽ–ൽ ഓഹരി അനുവദിച്ച് കിട്ടുന്നതിന് ശ്രമിക്കുമോ ;

(ഡി) ഭൂമി വിട്ടു നൽകുന്നവരുടെ കുടുംബത്തിലെ ഒരാൾക്ക് പ്രസ്തുത കമ്പനിയിൽ സ്ഥിരം ജോലി ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 11.06.2013–ലെ മറുപടിക്ക്

<u>കൊച്ചി – മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ</u>

616

ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി – മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഭൂമി നഷ്ടപ്പെടുന്ന സ്ഥലമുടമകൾക്ക് ഏതു വിധത്തിലുള്ള നഷ്ടപരിഹാരമാണ് നൽകാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>ഗ്ലോബൽ ആയുർവ്വേദ വില്ലേജ്</u>

617 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്ലോബൽ ആയുർവ്വേദ വില്ലേജ് സ്ഥാപിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി 2012-13 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 5 കോടി രൂപയിൽ ഇതുവരെ എത്ര കോടി രൂപ റിലീസ് ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(സി) ആയുർവ്വേദ വില്ലേജ് സ്ഥാപിക്കുന്നതിന് കഴക്കൂട്ടം സ്പിന്നിംഗ് മില്ലിന്റെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ, 2012-13 ൽ പ്രഖ്യാപിച്ച 5 കോടി രൂപ പൂർണ്ണമായും പദ്ധതി നടപ്പാക്കാനായി റിലീസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>ഫലങ്ങൾ ഉപയോഗിച്ചുള്ള പുതിയ വ്യവസായങ്ങൾ</u>

618 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാളികേരം, ചക്ക, മാങ്ങ, പപ്പായ തുടങ്ങിയ അസംസ്കൃത പദാർത്ഥങ്ങളെ അടിസ്ഥാനമാക്കി ചെറുതും വലുതുമായ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ ഉള്ള സാധ്യത വിനിയോഗിക്കുവാൻ വ്യവസായ വകുപ്പിന് എന്തെങ്കിലും പദ്ധതികളുണ്ടോ;

(ബി) ഇല്ലെങ്കിൽ മേൽപ്പറഞ്ഞ വിഭവങ്ങളെ ആസ്പദമാക്കിയ നൂതന വ്യവസായ സംരംഭങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കാൻ മുന്നോട്ടുവരുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

**അരൂര്‍ നിയോജകമണ്ഡലത്തിലെ മലിനീകരണ നിയന്ത്രണ പ്ലാന്റ്**

619 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അരൂര്‍ നിയോജകമണ്ഡലത്തിലെ ചന്തിരൂരില്‍ ഒരു മലിനീകരണ നിയന്ത്രണ പ്ലാന്റ് (Common ETP) സ്ഥാപിക്കുന്നതിന് ഇന്‍ഡസ്ട്രിയല്‍ ഇന്‍ഫ്രാസ്ട്രക്ച്ചര്‍ അപ്ഗ്രഡേഷന്‍ സ്കീം പ്രകാരമോ മറ്റേതെങ്കിലും കേന്ദ്രസഹായ പദ്ധതിയില്‍പ്പെടുത്തിയോ കിന്‍ഫ്ര മുഖേന തുക വല്ലതും അനുവദിച്ചിട്ടുണ്ടോ;

(ബി) എന്നാണ് ഇതു സംബന്ധിച്ച് ബന്ധപ്പെട്ട അറിയിപ്പ് കേന്ദ്രത്തില്‍ നിന്നും വരുന്നത് എന്നും ഈ തുക ചെലവഴിക്കുന്നതിന് കേരള സര്‍ക്കാരിന്റെ മാച്ചിംഗ് ഗ്രാന്റ്/തുക കൂടി സമര്‍പ്പിച്ചാലെ ചെലവഴിക്കാന്‍ അനുവദിക്കാവൂ എന്ന മാനദണ്ഡം കേന്ദ്രത്തില്‍ നിന്നും നിഷ്കര്‍ഷിച്ചിട്ടുണ്ടോ;

(സി) ഇപ്പോള്‍ ആലപ്പുഴ ജില്ലാ കളക്ടറുടെ ചെയര്‍മാന്‍ഷിപ്പില്‍ പ്രവര്‍ത്തിക്കുന്ന ACCEPT എന്ന സംവിധാനത്തിന്റെ തീരുമാനപ്രകാരം നിര്‍മ്മാണ പ്രവര്‍ത്തികള്‍ നടത്താന്‍ കഴിയാത്തത് കിന്‍ഫ്ര ഫണ്ട് റിലീസ് ചെയ്യാത്തത് കൊണ്ടാണോ എന്നും ഈ ഫണ്ട് വിനിയോഗിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ എന്നും അറിയിക്കുമോ?

# കേരള നിയമസഭ
# 11.06.2013-ലെ മറുപടിക്ക്

<u>പൊന്നാനിയിൽ വ്യവസായ/മത്സ്യ/കാർഷിക പരിശീലന കേന്ദ്രം</u>

620 **ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനിയിൽ വ്യവസായ സംരംഭകർക്ക് മാർഗ്ഗ നിർദ്ദേശങ്ങളും പരിശീലനവും നൽകുന്നതിന് ഒരു സംരംഭകത്വ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) മത്സ്യ വിഭവ സംസ്കരണ വിപണന രംഗത്ത് പരിശീലനം നൽകുന്നതിന് ജില്ലയിൽ പ്രത്യേക കേന്ദ്രങ്ങളില്ലാ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിൽ ഒരു കേന്ദ്രം പൊന്നാനിയിൽ തുടങ്ങുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>പെരുമ്പാവൂരിൽ ടിമ്പർ സോൺ</u>

621 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തടി വ്യവസായ കേന്ദ്രമായ പെരുമ്പാവൂരിൽ ടിമ്പർ സോൺ അനുവദിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ പ്രായോഗികത പരിശോധിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
## 11.06.2013–ലെ മറുപടിക്ക്

<u>മാവൂരിൽ പുതിയ വ്യവസായം ആരംഭിക്കൽ</u>

622 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവൂരിൽ പുതിയ വ്യവസായം ആരംഭിക്കുന്നതിന് ഗ്വാളിയോർ റയൺസ് എന്തെല്ലാം നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിലുളള കേസ് തീർപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 11.06.2013–ലെ മറുപടിക്ക്

ം 2012–2013–ൽ പൂർണ്ണമായും നടപ്പിലാക്കാത്ത പദ്ധതികൾ

623 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വ്യവസായ വകുപ്പിനായി 2012–2013 വർഷത്തിൽ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ പൂർണ്ണമായും നടപ്പിലാക്കാത്ത പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 11.06.2013–ലെ മറുപടിക്ക്

<u>കേരള സ്റ്റേറ്റ് ഏജൻസി ഫോർ കാഷ്യൂ കൾട്ടിവേഷൻ</u>

624 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഏജൻസി ഫോർ കാഷ്യൂ കൾട്ടിവേഷൻ എന്ന സ്ഥാപനം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ കഴിഞ്ഞ രണ്ടു വർഷത്തിനകം കശുമാവു കൃഷി വികസനത്തിനു എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി;

(സി) ഏജൻസിക്കു ഉണ്ടായിരുന്ന തൊഴിലാളി പ്രതിനിധികളടങ്ങിയ കമ്മിറ്റിയുടെ ഇന്നത്തെ സ്ഥിതിയെന്താണെന്നു വിശദീകരിക്കുമോ ;

(ഡി) കശുമാവു കൃഷി വികസനത്തിനു കേന്ദ്ര കൃഷി വകുപ്പ് അനുവദിച്ച തുകയെത്ര ; എത്ര തുക ചെലവഴിച്ചു എന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 11.06.2013–ലെ മറുപടിക്ക്

<u>റാന്നി റബ്ബർ പാർക്കിന്റെ പ്രവർത്തനം</u>

625 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നി റബ്ബർ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പും, കിൻഫ്രയും ഇതേ വരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്നു വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ചു നടത്തിയിട്ടുള്ള കത്തിടപാടുകളുടെ കോപ്പി ലഭ്യമാക്കാമോ;

(സി) റബ്ബർ പാർക്കിനായി റാന്നി താലൂക്കിൽ സ്ഥലം ഏറ്റെടുക്കുന്നതിനായി ചുമതലപ്പെടുത്തിയ ജില്ലാ കളക്ടർ ഇതു സംബന്ധിച്ച് നടത്തിയ നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ;

(ഡി) പുതുതായി നിർദ്ദേശിക്കപ്പെട്ട കാവനാൽ, കരിമ്പനാൽ എസ്റ്റേറ്റുകളിൽപ്പെട്ട സ്ഥലം സംബന്ധിച്ച നിയമ പ്രശ്നങ്ങൾ സംബന്ധിച്ച റിപ്പോർട്ട് എന്താണെന്നും കളക്ടർ എന്നാണ് സമർപ്പിച്ചതെന്നും റിപ്പോർട്ടിലെ വിശദാംശവും വെളിപ്പെടുത്തുമോ; റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ എന്തു കൊണ്ടെന്നും വിശദമാക്കാമോ;

(ഇ) പത്തനംതിട്ട ജില്ലയ്ക്ക് പ്രയോജനം ചെയ്യുന്ന റബ്ബർ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2013–ലെ മറുപടിക്ക്

<u>ചേലക്കരയിൽ വ്യവസായ പാർക്ക്</u>

626 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ വരവൂരിൽ വ്യവസായ പാർക്ക് സ്ഥാപിക്കുവാൻ ഭൂമി ഏറ്റെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇവിടെ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) ഈ വർഷം തന്നെ ഇവിടെ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

കൊരട്ടിയിലെ കിൻഫ്രയുടെ വികസനം

627 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടിയിലെ കിൻഫ്രയുടെ വികസനത്തിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 11.06.2013–ലെ മറുപടിക്ക്

ചാത്തന്നൂരിലെ ചിറക്കരയിൽ കിൻഫ്ര പാർക്ക്

628

ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ചിറക്കര ഗ്രാമപഞ്ചായത്തിൽ കിൻഫ്രാ പാർക്ക് സ്ഥാപിക്കുന്നതിലേക്ക് ഭൂമി ഏറ്റെടുക്കുവാനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഭൂമി ഏറ്റെടുക്കുന്ന ആവശ്യത്തിലേക്കായി സ്വകാര്യ വ്യക്തികളുടെ ഭൂമി അളന്ന് കല്ല് ഇട്ട ശേഷം വർഷങ്ങൾ കഴിഞ്ഞിട്ടും തുടർനടപടി സ്വീകരിക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണ് എന്നറിയിക്കുമോ;

(സി) പ്രസ്തുത നടപടിമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കിൻഫ്രാ പാർക്ക് സ്ഥാപിക്കുന്ന നടപടിയിൽ നിന്നും പിന്മാറിയോ; എങ്കിൽ ആയത് പൊതുജനത്തെ അറിയിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.06.2013–ലെ മറുപടിക്ക്

റാന്നിയിൽ കിൻഫ്രയുടെ അപ്പാരൽ പാർക്ക്

629 ശ്രീ.രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നിയിൽ കിൻഫ്രയുടെ അപ്പാരൽ പാർക്ക് ആരംഭിക്കുന്നതിന് എന്നാണ് തീരുമാനമെടുത്തത് എന്നറിയിക്കുമോ;

(ബി) അപ്പാരൽ പാർക്കിന് കെട്ടിടവും ഫാക്ടറി സൗകര്യവും ലഭ്യമാക്കുന്നതിനായി റവന്യൂ വകുപ്പു മുഖേന പമ്പ ഇറിഗേഷൻ പ്രോജക്ടിന്റെ എത്ര സ്ഥലമാണ് വ്യവസ്ഥകൾക്ക് വിധേയമായി പാട്ടത്തിന് ലഭിച്ചിട്ടുളളത് എന്നും ഒരു വർഷം എത്ര രൂപയാണ് പാട്ടത്തുക എന്നും ഇപ്പോൾ വരെ പാട്ടത്തുകയിനത്തിൽ ഓരോ വർഷവും അടച്ച തുക എത്ര വീതമെന്നും വർഷം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഏതെങ്കിലും വർഷത്തെ പാട്ടത്തുക അടയ്ക്കാതിരുന്നിട്ടുണ്ടോ; എങ്കിൽ ഏതു വർഷത്തെയാണെന്നും അടയ്ക്കാതിരുന്നതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ;

(ഡി) സ്ഥലമനുവദിച്ച് ഇറക്കിയ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ; ഏതൊക്കെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ഭൂമി അനുവദിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ;

(ഇ) കെട്ടിട നിർമ്മാണത്തിനാവശ്യമായ ഫണ്ട് കിൻഫ്രയ്ക്ക് കൈമാറുകയും പാട്ടത്തുക അടയ്ക്കുകയും 650 ലക്ഷം രൂപയുടെ കെട്ടിടം നിർമ്മിക്കുന്നതിനായി ടെൻഡർ നടപടികൾ വരെ പൂർത്തിയാക്കുകയും ചെയ്തിട്ടും ഇതേ വരെ കെട്ടിടം നിർമ്മാണം ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും ഇതിന്റെ കാരണം എന്തെന്നും വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 11.06.2013–ലെ മറുപടിക്ക്

(എഫ്) ഈ സർക്കാർ അധികാരമേറ്റശേഷം കിൻഫ്ര പുതുതായി ആരംഭിച്ച വ്യവസായ പദ്ധതികൾ ഏതൊക്കെ എന്നും വ്യക്തമാക്കുമോ;

(ജി) പ്രസ്തുത അപ്പാരൽ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013–ലെ മറുപടിക്ക്

<u>നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ</u>

630 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണൽ, ചരൽ, ഗ്രാവൽ തുടങ്ങിയ നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവും ഈ വക സാധനങ്ങളുടെ ട്രാൻസ്പോർട്ടിങ്ങിലുള്ള നിയന്ത്രണവും നിർമ്മാണ മേഖലയെയും വ്യവസായ മേഖലയെയും സാരമായി ബാധിച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഈ പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ടിപ്പർ ലോറികളുടെ സമയത്തിലുള്ള നിയന്ത്രണവും ഈ ലോറികളിൽ കൊണ്ടുവരുന്ന നിർമ്മാണ സാമഗ്രികൾ റവന്യൂ, പോലീസ് അധികാരികൾ ഇടപെട്ട് പിടിച്ചെടുക്കുന്നതും ഒട്ടേറെ ബുദ്ധിമുട്ടുകൾ നിർമ്മാണ മേഖലയിൽ ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; നിർമ്മാണ മേഖലയിലും വ്യവസായ മേഖലയിലും ഉണ്ടാകുന്ന ഈ പ്രശ്നങ്ങൾ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്തവിധം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 11.06.2013-ലെ മറുപടിക്ക്

<u>നദീതട മണൽവാരൽ നിരോധന നിയമം</u>

631

ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതിക്ക് ദോഷം ചെയ്യുന്ന വിധത്തിൽ വ്യാപകമായ രീതിയിൽ അനധികൃത കരമണൽ ഖനനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരക്കാർക്കെതിരെ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്നറിയിക്കുമോ;

(സി) കരമണൽ ഖനനം നദീതട മണൽവാരൽ നിരോധന നിയമത്തിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കരമണൽ ഖനനം നദീതട മണൽവാരൽ നിരോധന നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>മണൽ ക്ഷാമം പരിഹരിക്കാൻ നടപടി</u>

632 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ നിർമ്മാണ മേഖലയെ പ്രതിസന്ധിയിലാക്കിയിരിക്കുന്ന മണൽ ക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013–ലെ മറുപടിക്ക്

<u>മണൽക്ഷാമം പരിഹരിക്കുന്നതിന് നടപടി</u>

633 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണൽക്ഷാമം പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അടങ്ങിയ ശ്രീ. ടി. ബാലകൃഷ്ണൻ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റേയും, കമ്മിറ്റി റിപ്പോർട്ടിന്റേയും ഓരോ കോപ്പി സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ;

(ബി) മണൽ ഇറക്കുമതി ചെയ്യുന്നതിനുള്ള ഏതെങ്കിലും ഏജൻസികളെ കണ്ടെത്തിയിട്ടുണ്ടോ എന്നും അതിനായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വെളിപ്പെടുത്താമോ;

(സി) എതെല്ലാം സ്ഥലങ്ങളിൽ നിന്ന് മണൽ ഇറക്കുമതി ചെയ്യാൻ സാധ്യമാകുമെന്നാണ് കരുതുന്നതെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 11.06.2013-ലെ മറുപടിക്ക്

## പാറ ഖനനം ചെയ്യുന്നതിന് ലൈസൻസ്

634 ശ്രീ. ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ മുന്നിലവ് പഞ്ചായത്തിൽ നെല്ലിപ്പാറയിൽ പാറ ഖനനം ചെയ്യുന്നതിന് ആർക്കെങ്കിലും ലൈസൻസ് നല്കിയിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാം എന്നും ഏതെല്ലാം വ്യവസ്ഥകളിൽ എത്ര കാലത്തെയ്ക്ക് എന്നും ഏതെല്ലാം സർവ്വേ നമ്പറുകളിൽപ്പെട്ട എത്ര ഏക്കർ സ്ഥലത്ത് എന്നും വ്യക്തമാക്കുമോ;

(ബി) പാറ ഖനനം നടത്തുന്നതിന് ലൈസൻസ് നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണ് എന്നും ഏതെല്ലാം വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും അനുമതികൾ ലഭ്യമാക്കേണ്ടതുണ്ട് എന്നും അറിയിക്കുമോ;

(സി) മുന്നിലവ് പഞ്ചായത്തിൽ അനുവദിച്ച എല്ലാ കരിങ്കൽ ക്വാറികളുടെയും കാര്യത്തിൽ അവയെല്ലാം ലഭ്യമാക്കിയതിന് ശേഷമാണോ, ലൈസൻസ് നല്കിയിട്ടുള്ളത് എന്നും നിയമാനുസൃതമായ എല്ലാ അനുമതികളും ഇല്ലാതെ മുന്നിലവ് പഞ്ചായത്തിൽ ഏതെല്ലാം ക്വാറികൾ പ്രവൃത്തിക്കുന്നുണ്ട് എന്നും അവ ആരുടെയെല്ലാം പേരിലാണെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ സാമ്പത്തിക ബാദ്ധ്യത</u>

635 ശ്രീ.ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നിലവിലുള്ള സാമ്പത്തിക ബാധ്യത എത്രയാണെന്നും, ആയത് ഏതൊക്കെ സ്ഥാപനത്തിന് നൽകാനുള്ളതെന്നുമുള്ള വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിനോ, പുനരുദ്ധാരണം നടത്തുന്നതിനോ ഉദ്ദേശിക്കുന്നുവോ; എങ്കിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര രൂപയുടെ സാമ്പത്തിക സഹായം പ്രസ്തുത മില്ലിന് നൽകിയിട്ടുണ്ട് എന്നും ഈ തുക എന്തൊക്കെ ആവശ്യങ്ങൾക്കാണ് വിനിയോഗിച്ചതെന്നും അറിയിക്കുമോ?

# കേരള നിയമസഭ
# 11.06.2013-ലെ മറുപടിക്ക്

ഉദുമ സ്പിന്നിംഗ് മില്‍

636

ശ്രീ. പി. ബി. അബ്ദുള്‍ റസാക്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഉദുമ സ്പിന്നിംഗ് മില്ലിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്പിന്നിംഗ് മില്ലിന്റെ പ്രവര്‍ത്തനങ്ങള്‍ തുടരാനുള്ള നടപടി ഏതുവരെയായി എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്പിന്നിംഗ് മില്‍ പ്രത്യേക കമ്പനിയാക്കി രജിസ്റ്റര്‍ ചെയ്യാന്‍ സര്‍ക്കാര്‍ തയ്യാറാകുമോ?

# കേരള നിയമസഭ
## 11.06.2013–ലെ മറുപടിക്ക്

ഉദുമയിലെ ടെക്സ്റ്റൈൽ മില്ലിന്റെ പ്രവർത്തനം

637 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ സർക്കാർ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കിയ ടെക്സ്റ്റൈൽ മില്ലിന്റെ പ്രവർത്തനം ഈ സർക്കാർ അധികാരത്തിൽ വന്നതോടെ സ്തംഭനാവസ്ഥയിലാകാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സ്ഥാപനത്തിൽ നിന്നുള്ള ഉൽപാദനം എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 11.06.2013–ലെ മറുപടിക്ക്

ഹാന്റക്സിന്റെ സ്വത്തുവകകൾ സംരക്ഷിക്കാൻ നടപടി

638

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹാന്റക്സിന്റെ ഭൂമിയും കെട്ടിടങ്ങളും സംസ്ഥാന സഹകരണ ബാങ്ക് ജപ്തി ചെയ്തുവെന്നെ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സ്വത്തുവകകൾ സംരക്ഷിയ്ക്കുന്നതിന് ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 11.06.2013-ലെ മറുപടിക്ക്

<u>വഖഫ് സ്വത്തുകളുടെ സംരക്ഷണം</u>

639 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വഖഫ് സ്വത്തുക്കളുടെ സംരക്ഷണത്തിനും പരിപാലനത്തിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) വഖഫ് ബോർഡിന്റെ അഡ്മിനിസ്ട്രേഷൻ ഗ്രാന്റ് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കായുള്ള സർക്കാർ ധനസഹായം എന്നിവ വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) സൗദി അറേബ്യയിലുള്ള 'കേയിറുബാത്ത്'ന്റെ വഖഫ് സ്വത്തുക്കളുടെ പണം വീണ്ടെടുക്കുന്നതിന് എന്തെങ്കിലും ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 11.06.2013-ലെ മറുപടിക്ക്

<u>പുതുതായി ആരംഭിക്കുന്ന ഐ.ടി. പാർക്കുകൾ</u>

640 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി സ്വകാര്യ ഐ.ടി. പാർക്കുകൾ ആരംഭിക്കാൻ മുന്നോട്ട് വന്നിട്ടുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രത്യേക സാമ്പത്തിക മേഖല പദവി ലഭിക്കുന്നതിന് പ്രസ്തുത സ്ഥാപനങ്ങൾ ആഗ്രഹിക്കുന്നുണ്ടോ;

(സി) സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ എത്ര ഏക്കർ ഭൂമിയിലാണ് ഇവ സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഐ.ടി. പാർക്ക് സ്ഥാപിക്കാൻ മുന്നോട്ട് വരുന്ന സ്വകാര്യ സ്ഥാപനങ്ങൾക്ക് എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 11.06.2013–ലെ മറുപടിക്ക്

<u>ഐ.ടി.മേഖലയിലെ കടുത്ത ചൂഷണം</u>

641 **ശ്രീ.കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി മേഖലയിൽ തൊഴിൽ എടുക്കുന്നവർ കടുത്ത ചൂഷണം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവരുടെ സേവന–വേതന വ്യവസ്ഥകൾ സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) ഇതിനായി സംസ്ഥാനത്ത് നിയമനിർമ്മാണം നടത്താൻ തയ്യാറാകുമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 11.06.2013-ലെ മറുപടിക്ക്

<u>വിവരസാങ്കേതിക വകുപ്പിൽ നടപ്പിലാക്കിയിട്ടില്ലാത്ത പദ്ധതികൾ</u>

642 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2012-13 വർഷത്തെ ബഡ്ജറ്റിൽ വിവരസാങ്കേതിക വകുപ്പിൽ പ്രഖ്യാപിച്ച പദ്ധതികളിൽ നടപ്പിലാക്കിയിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 11.06.2013–ലെ മറുപടിക്ക്

<u>കൊച്ചി സ്മാർട്ട് സിറ്റി</u>

643 ശ്രീ. ബെന്നി ബെഹനാൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ഹൈബി ഈഡൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി സ്മാർട്ട് സിറ്റി യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ ഇതിനോടകം പൂർത്തിയായിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സർക്കാർ എന്തു തുക സ്മാർട്ട് സിറ്റിയ്ക്ക് വേണ്ടി നൽകിയിട്ടുണ്ട്;

(ഡി) സ്മാർട്ട് സിറ്റിക്ക് പ്രത്യേക സാമ്പത്തിക സെസ്സ് പദവിക്ക് അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ഇ) പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 11.06.2013-ലെ മറുപടിക്ക്

<u>പാണക്കാട്ടെ എഡ്യൂസിറ്റി</u>

644 **ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാണക്കാട്ടെ എഡ്യൂസിറ്റിയിൽ പുതിയ സംരംഭങ്ങൾ നടത്തുന്നതിന് നാളിതുവരെ എത്ര പേർ സന്നദ്ധരായി ട്ടുണ്ടെന്നും, അതിന് അപേക്ഷ നൽകിയവർ ആരൊക്കെ യാണെന്നും വിശദമാക്കുമോ;

(ബി) എഡ്യുസിറ്റിയിൽ ഏതെല്ലാം നിലയിലുള്ള സംരംഭ ങ്ങൾക്ക് എത്ര ഏക്കർ വീതം ഭൂമി തരം തിരിച്ചിട്ടുണ്ട് എന്നും ഭൂമി സംരംഭകർക്ക് നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണ് എന്നും വിശദമാക്കുമോ;

(സി) എഡ്യുസിറ്റിയിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാനുദ്ദേശിക്കുന്നു എന്നും അതിനായി പ്രതീ ക്ഷിക്കുന്ന ചെലവ് എത്ര കോടിയാണ് എന്നും അറിയി ക്കാമോ;

(ഡി) സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പൊതുവിൽ നൽകിയിട്ടില്ലാത്ത, എന്തെല്ലാം സൗകര്യങ്ങളാണ് എഡ്യുസിറ്റിയിൽ ലഭ്യമാക്കുന്നത് എന്നും വിശദമാ ക്കാമോ?

# കേരള നിയമസഭ
# 11.06.2013–ലെ മറുപടിക്ക്

## കണ്ണൂർ സൈബർ പാർക്ക്

645

ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എരമം–കുറ്റൂർ പഞ്ചായത്തിൽ ആരംഭിക്കുന്ന കണ്ണൂർ സൈബർ പാർക്കിന്റെ നിർമ്മാണ പ്രവർത്തനത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി നാളിതുവരെയായി ചെലവഴിച്ച തുക ഇനം തിരച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
## 11.06.2013–ലെ മറുപടിക്ക്

<u>ദർഘാസ് പ്രക്രിയകൾക്കായി ഇ–പെയ്മെന്റ് സംവിധാനം</u>

646 ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
,, സി. പി. മുഹമ്മദ്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിലെ ദർഘാസ് പ്രക്രിയകൾക്കായി ഇ–പെയ്മെന്റ് സംവിധാനത്തിന് തുടക്കമിട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) സർക്കാർ വകുപ്പുകളിലെ ദർഘാസ് പ്രക്രിയകളുടെ സുതാര്യതയും കാര്യക്ഷമതയും ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഈ സംവിധാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വിശദമാക്കുമോ.

(ഡി) എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ഈ സംവിധാനം വഴി ലഭിക്കുന്നത് എന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>ഇ-പ്രോക്യൂർമെന്റ് സംവിധാനം</u>

647 ശ്രീ. പാലോട് രവി
,, സണ്ണി ജോസഫ്
,, അൻവർ സാദത്ത്
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിൽ ഇ-പ്രോക്യൂർമെന്റ് സംവിധാനത്തിന് തുടക്കമിട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) സർക്കാർ വകുപ്പുകളിലെ ദർഘാസ് പ്രക്രിയകളുടെ സുതാര്യതയും കാര്യക്ഷമതയും ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംവിധാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് പ്രസ്തുത സംവിധാനം വഴി ലഭിക്കുന്നത് ; വിശദമാക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ
തിരുവനന്തപുരം, സെക്രട്ടറി
2013 ജൂൺ 02

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

**<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>**: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം 5.00 മണിയ്ക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്.
[ ചട്ടം 47(1)]